**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 434** **21-03-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിൽ വനിതാശക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരമേഖലയിലെ സുസ്ഥിര ഉല്പാദന വർദ്ധനവിനായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളെയും ക്ഷീരസംഘങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ക്ഷീരമേഖലയിലെ സുസ്ഥിര ഉല്പാദന വർദ്ധനവിനായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളെയും ക്ഷീരസംഘങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ക്ഷീരവികസന വകുപ്പിന്റെ പ്രധാന പദ്ധതികളായ ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സേവനങ്ങളും, തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി എന്നിവയിലെ ഘടക പദ്ധതികളായ Assistance to Joint Liability Group For Manufacturing & Marketing of Value Added products and Bio-inputs, Fodder hubs/Fodder marketing units through dairy co-operatives by JLGs, Commercial Silage Marketing Units through Dairy Co-operatives by JLGs, Herd Induction Programme for JLGs for 5 cow/10 cow units, New Heifer Park for JLGs എന്നിവ ഇതിൽ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതികൾക്കായി യഥാക്രമം 20 ലക്ഷം, 7.5 ലക്ഷം, 10 ലക്ഷം, 28.15 ലക്ഷം, 90 ലക്ഷം എന്നിങ്ങനെ വകയിരുത്തിയിരിക്കുന്നു. ഇത്തരത്തിലുള്ള വിവിധ ഘടക പദ്ധതികളിലൂടെ ഏകദേശം 160 ലക്ഷം രൂപ ക്ഷീരമേഖലയിലെ സുസ്ഥിര ഉല്പാദന വർദ്ധനവിനായും 2024-25 സാമ്പത്തിക വർഷം ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളെയും ക്ഷീരസംഘങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായും ക്ഷീരവികസന വകുപ്പ് വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ക്ഷീരമേഖലയിൽ വനിതാശക്തീകരണം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ക്ഷീരവികസന വകുപ്പിന്റെ എല്ലാ പദ്ധതികളും വനിതകൾക്ക് മുൻഗണന നൽകുന്നതരത്തിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതുകൂടാതെ വനിത സർവ്വെ, വനിത ഗ്രൂപ്പുകൾക്കായി പ്രത്യേക പദ്ധതികൾ, വനിതകൾക്ക് മാത്രമായി ശിൽപശാലകൾ, സെമിനാറുകൾ എന്നിവ നടപ്പിലാക്കികൊണ്ട് |

| | | | |
|---|---|---|---|
| | | | ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി വകുപ്പ് പരിശ്രമിക്കുന്നു.<br><br>വനിത ഗ്രൂപ്പുകൾക്ക് മുൻഗണന നൽകുന്നതിനായി Assistance to Joint Liability Group For Manufacturing & Marketing of Value Added products and Bio-inputs, Fodder hubs/Fodder marketing units through dairy co-operatives by JLGs, Commercial silage Marketing Units through Dairy Co-operatives by JLGs, Herd Induction Programme for JLGs for 5 cow/10 cow units, New Heifer Park for JLGs എന്നീ ഘടക പദ്ധതികൾ ഓരോ സാമ്പത്തിക വർഷവും വകുപ്പ് നടപ്പിലാക്കിവരുന്നു. 2024-25 സാമ്പത്തിക വർഷം ഏകദേശം 160 ലക്ഷം രൂപ പ്രസ്തുത ഘടക പദ്ധതികൾക്കായി വകുപ്പ് വകയിരുത്തിയിരിക്കുന്നു.<br><br>അംഗസംഘങ്ങളിലെ സ്വന്തമായി വീടില്ലാത്തവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും അംഗങ്ങളുമായ ക്ഷീര കർഷകർക്ക് വീട് വെയ്ക്കുന്നതിന് 5 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതുമായ മലബാർ മേഖലാ യൂണിയൻ നൽകുന്ന '**ക്ഷീര സദനം**' പദ്ധതിയിൽ മുൻഗണന നൽകുന്നത് വിധവകളായ വനിത ക്ഷീരകർഷകർക്കാണ് |
| (സി) | പാലുല്പാദനവും പാലിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും നടത്താൻ വനിതാ സ്വാശ്രയ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | പാലുല്പാദനവും പാലിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും നടത്താൻ വനിതാ സ്വാശ്രയ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് Assistance to Joint Liability Group For Manufacturing & Marketing of Value Added products and Bio-inputs എന്ന പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നു.<br><br>വകുപ്പിന്റെ പ്രധാന പദ്ധതിയായ ഗ്രാമീണവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സേവനങ്ങളിലും ഉൾപ്പെടുത്തി 20 ലക്ഷം രൂപ 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. ഇതുകൂടാതെ പാലിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനാവശ്യമായ പരിശീലനവും നിർദ്ദേശങ്ങളും മറ്റ് സഹായസഹകരണങ്ങളും ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖാന്തരം വനിതാ സ്വാശ്രയ സംഘങ്ങൾക്ക് നൽകി വരുന്നു. |
| (ഡി) | ക്ഷീരമേഖലയിലെ ഫാം ലൈസൻസിംഗ് സംരംഭകസൗഹൃദമാക്കാൻ സ്വീകരിച്ചിട്ടുള്ള | (ഡി) | 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ സംരംഭക സൗഹൃദമാക്കുന്ന തരത്തിൽ ഭേദഗതികൾ വരുത്തി |

| | | | |
|---|---|---|---|
| | നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | | 30.07.2024 ലെ SRO No.658/2024 (28.07.2024 ലെ G.O.(P)No.40/2024/LSGD നമ്പർ ഉത്തരവ്) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). ടി ഭേദഗതികൾ പ്രകാരം കന്നുകാലി ഫാം നടത്തുന്നതിന് 10 മൃഗങ്ങൾ വരെയും ആട് ഫാം നടത്തുന്നതിന് 50 മൃഗങ്ങൾ വരെയും ലൈസൻസ് ആവശ്യമില്ലാത്തതാണ്. ഫാം സ്ഥാപിക്കുന്നതിനാവശ്യമായ കുറഞ്ഞ സ്ഥലത്തിന്റെ അനുപാതത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അതായത് ഒരു കന്നുകാലിക്ക് കുറഞ്ഞത് ഒരു സെൻറ് ഭൂമി ആവശ്യമാണ് എന്നുള്ളത് മൂന്ന് കന്നുകാലികൾക്ക് ഒരു സെൻറ് എന്നാക്കി മാറ്റിയിട്ടുണ്ട്. അതുപോലെ 4 ആടിന് ഒരു സെൻറ് എന്നുള്ളത് 10 ആടിന് ഒരു സെൻറ് എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ലൈസൻസിന്റെ കാലാവധി പരമാവധി 5 വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. പഴയ ചട്ട പ്രകാരം ലൈസൻസിന്റെ കാലാവധി അതാത് സാമ്പത്തിക വർഷം അവസാനിക്കുമായിരുന്നു. 10 കന്നുകാലികളെയും 50 ൽ കൂടാതെ ആട്ടുകളെയും വളർത്തുന്ന ഫാമുകൾക്ക് ബിൽഡിംഗ് പെർമിറ്റ് ഒഴിവാക്കി കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ ഭദേദഗതി ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

रजिस्ट्री सं. डी.एल.- 33004/99 REGD. No. D. L.-33004/99

भारत का राजपत्र
The Gazette of India

सी.जी.-डी.एल.-अ.-14112024-258655
CG-DL-E-14112024-258655

असाधारण
EXTRAORDINARY

भाग II—खण्ड 3—उप-खण्ड (i)
PART II—Section 3—Sub-section (i)

प्राधिकार से प्रकाशित
PUBLISHED BY AUTHORITY

सं. 650] नई दिल्ली, बृहस्पतिवार, नवम्बर 14, 2024/कार्तिक 23, 1946
No. 650] NEW DELHI, THURSDAY, NOVEMBER 14, 2024/KARTIKA 23, 1946

## सड़क परिवहन और राजमार्ग मंत्रालय

## अधिसूचना

नई दिल्ली, 14 नवम्बर, 2024

**सा.का.नि. 709(अ).—**केंद्रीय मोटर यान नियम, 1989 के प्रारूप नियमों का और संशोधन करने के लिए, मोटर यान अधिनियम, 1988 (1988 का 59) की धारा 212 की उप-धारा (1) के अधीन अपेक्षित भारत सरकार के सड़क परिवहन और राजमार्ग मंत्रालय, द्वारा भारत के राजपत्र, असाधारण, भाग 2, खंड 3, उप-खंड (i) में अधिसूचना संख्या सा.का.नि. 606 (अ), तारीख 30 सितंबर, 2024 द्वारा प्रकाशित किए गए थे, जिनमें उन सभी व्यक्तियों से जिनके उससे प्रभावित होने की संभावना, उस तारीख से, जिसको उक्त अधिसूचना को अन्तर्विष्ट करने वाली राजपत्र की प्रतियां जनता को उपलब्ध करा दी गयीं थीं, से तीस दिन की अवधि की समाप्ति से पहले आपत्तियां और सुझाव आमंत्रित किए थे;

और, उक्त अधिसूचना की प्रतियां 01 अक्टूबर, 2024 को जनता को उपलब्ध करा दी गयीं थीं;

और, केन्द्रीय सरकार द्वारा उक्त प्रारूप नियमों के संबंध में जनता से प्राप्त आपत्तियों या सुझावों पर विचार कर लिया गया है।

अत:, अब, केन्द्रीय सरकार मोटर यान अधिनियम, 1988 (1988 का 59) की धारा 56 की उपधारा (1) द्वारा प्रदत्त शक्तियों का प्रयोग करते हुए, केंद्रीय मोटर यान नियम, 1989 का और संशोधन करने के लिए निम्नलिखित नियम बनाती है, अर्थात्: -

1. इन नियमों का संक्षिप्त नाम केंद्रीय मोटर यान (ग्यारहवां संशोधन) नियम, 2024 है।

(2) ये नियम राजपत्र में इनके प्रकाशन की तारीख से प्रवृत्त होंगे।

2. केंद्रीय मोटर यान नियम, 1989 के नियम 62 के उप-नियम (1) के खंड (ख) में, "01 अक्टूबर 2024" शब्दों के स्थान पर "01 अप्रैल 2025" शब्द रखे जाएंगे ।

[फा. सं. आरटी-23013/2/2022-टी-पार्ट(1)]

महमूद अहमद, अपर सचिव

**टिप्पणी:** मूल नियम, भारत के राजपत्र, असाधारण, भाग - II, खंड 3, उप-धारा (i) में अधिसूचना संख्या सा.का.नि. 590(अ), तारीख 2 जून,1989 के द्वारा प्रकाशित किए गए थे और अधिसूचना संख्या सा.का.नि. 514 (अ) तारीख 14 अगस्त 2024 द्वारा पिछली बार संशोधित किए गए थे।

**MINISTRY OF ROAD TRANSPORT AND HIGHWAYS**

**NOTIFICATION**

New Delhi, the 14th November, 2024

**G.S.R. 709(E).—**Whereas the draft rules further to amend the Central Motor Vehicles Rules, 1989, were published, as required under sub-section (1) of section 212 of the Motor Vehicles Act, 1988 (59 of 1988), *vide* notification of the Government of India in the Ministry of Road Transport and Highways number G.S.R. 606 (E), dated the 30th September, 2024 in the Gazette of India, Extraordinary, Part-II, Section 3, Sub-section (i) inviting objections and suggestions from all persons likely to be affected thereby before the expiry of the period of thirty days from the date on which copies of the official Gazette containing the draft rules were made available to the public;

And whereas copies of the said Gazette notification were made available to the public on the 01st October, 2024;

And whereas the objections and suggestions received from the public in respect of the said draft rules have been considered by the Central Government;

Now, therefore, in exercise of the powers conferred by sub-section (1) of section 56 of the Motor Vehicles Act, 1988 (59 of 1988), the Central Government hereby makes the following rules further to amend the Central Motor Vehicles Rules, 1989, namely: -

1. (1) These rules may be called the Central Motor Vehicles (Eleventh Amendment) Rules, 2024.

   (2) They shall come into force on the date of their publication in the Official Gazette.

2. In rule 62 of the Central Motor Vehicles Rules, 1989, in sub-rule (1), in clause (b), "for the word, letters and figures "01st October 2024", the word, letters and figures "01st April 2025" shall be substituted.

[F. No. RT-23013/2/2022-T-Part(1)]

MAHMOOD AHMED, Addl. Secy.

**Note. -** The principal rules were published in the Gazette of India, Extraordinary, Part II, Section 3, Sub-section (i) *vide* notification number G.S.R. 590(E), dated the 2nd June, 1989 and lastly amended *vide* notification number G.S.R. 514(E) dated the 14th August, 2024.

Uploaded by Dte. of Printing at Government of India Press, Ring Road, Mayapuri, New Delhi-110064
and Published by the Controller of Publications, Delhi-110054.

# അനുബന്ധം

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2024 ജൂലൈ 30<br>30th July 2024<br>1199 കർക്കടകം 15<br>15th Karkadakam 1199<br>1946 ശ്രാവണം 8<br>8th Sravana 1946 | നമ്പർ<br>No. **2456** |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ.ഉ. (അ) നമ്പർ 40/2024/തസ്വഭവ.**
**എസ്. ആർ. ഒ. നമ്പർ 658/2024**

*തിരുവനന്തപുരം, 2024, ജൂലൈ 28*
*1199, കർക്കടകം 13*
*1946, ശ്രാവണം 6.*

1994-ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13-ാം ആക്റ്റ്) 254-ാം വകുപ്പിനോട് 232-ാം വകുപ്പ് കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, 2012 ഏപ്രിൽ 13-ാം തീയതിയിലെ സ. ഉ. (പി) 101/2012/ത.സ്വ.ഭ.വ. എന്ന നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 2012

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏപ്രിൽ 19-ാം തീയതിയിലെ 815-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 275/2012 നമ്പരായി പ്രസിദ്ധീകരിച്ചതുമായ 2012 -ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് കേരള സർക്കാർ, ഇതിനാൽ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്: -

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ചട്ടങ്ങൾക്ക് 2024-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതികൾ.-2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ,-

(1) 2-ാം ചട്ടത്തിൽ,-

(i) (എ) ഖണ്ഡത്തിനു ശേഷം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്.-

"(എഎ) 'മുതിർന്നമൃഗം' എന്നാൽ പശു, എരുമ എന്നിവയുടെ സംഗതിയിൽ പതിനെട്ട് മാസത്തിനു മുകളിൽ പ്രായമുള്ള ഉരുക്കളും ആടിന്റെ സംഗതിയിൽ ഒരു വയസ്സിനു മുകളിൽ പ്രായമുള്ള ആടും പന്നിയുടെ സംഗതിയിൽ ആറു മാസത്തിന് മുകളിൽ പ്രായമുള്ള പന്നിയും മുയലുകളുടെ കാര്യത്തിൽ ആറു മാസത്തിന് മുകളിൽ പ്രായമുള്ള മുയലും എന്നർത്ഥമാകുന്നതാണ്.;

(എബി) 'മുതിർന്ന പക്ഷി' എന്നാൽ മുട്ടക്കോഴി, മുട്ട താറാവ് എന്നിവയുടെ കാര്യത്തിൽ 6 മാസത്തിനു മുകളിൽ പ്രായമുള്ള പക്ഷികളും, ഇറച്ചിക്കോഴി, ഇറച്ചി താറാവ് എന്നിവയുടെ കാര്യത്തിൽ 22 ദിവസത്തിന് മുകളിൽ പ്രായമുള്ള പക്ഷികളും, കാടക്കോഴിയുടെ കാര്യത്തിൽ 5 ആഴ്ചയ്ക്കു മുകളിൽ പ്രായമുള്ള കാടക്കോഴിയും, ടർക്കിക്കോഴിയുടെ കാര്യത്തിൽ 6 മാസത്തിനു മുകളിൽ പ്രായമുള്ള ടർക്കിക്കോഴിയും, വലിയ വളർത്തുപക്ഷികളായ എമുവിന്റെ കാര്യത്തിൽ ഒന്നര വയസ്സിനു മുകളിൽ പ്രായമുള്ള എമുവും, ഒട്ടകപ്പക്ഷിയുടെ കാര്യത്തിൽ 2 വയസ്സിനു മുകളിൽ പ്രായമുള്ള ഒട്ടകപ്പക്ഷിയും എന്നർത്ഥമാകുന്നതാണ്.";

(ii) (ജി) ഖണ്ഡത്തിൽ 'ഉള്ളതോ ഇല്ലാത്തതോ ആയ, സ്ഥലം ' എന്നീ വാക്കുകൾക്ക് പകരം 'ഉള്ള സ്ഥലം ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.;

(iii) (ജി) ഖണ്ഡത്തിനു ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്.-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(ജി എ) 'വലിയ വളർത്തു പക്ഷികളെ വളർത്തുന്ന ഫാം' എന്നാൽ വംശ വർദ്ധനവിനോ മുട്ടക്കോ മാംസത്തിനോ വേണ്ടി എമു, ഒട്ടകപ്പക്ഷി മുതലായ വലിയ വളർത്തു പക്ഷികളെ വളർത്തുന്ന ഫാം എന്നർത്ഥമാകുന്നു.";

(iv) (എൽ) ഖണ്ഡത്തിനു പകരമായി താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്,–

"(എൽ) 'വളക്കുഴി' എന്നാൽ ഫാമിൽ വളർത്തപ്പെടുന്ന പക്ഷി മൃഗാദികളുടെ എണ്ണത്തിനാനുപാതികമായി ജൈവ ഖര മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ ശേഖരിക്കുന്നതിനായി മേൽക്കൂരയോടുകൂടി അവയുടെ ഷെഡിനോട് ചേർന്ന് യുക്തമായ വലിപ്പത്തിൽ നിർമ്മിക്കുന്ന കുഴി എന്നർത്ഥമാകുന്നു.";

(v) (എൻ) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്,–

"(എൻ) 'പൗൾട്രി ഫാം' എന്നാൽ, മുട്ടക്കോ മാംസത്തിനോ വംശവർദ്ധനവിനോ വേണ്ടി കോഴികളെയോ, താറാവുകളെയോ അല്ലെങ്കിൽ മറ്റേതെങ്കിലും വളർത്തു പക്ഷികളെയോ വളർത്തുന്ന ഇടം എന്നർത്ഥമാകുന്നതും, അതിൽ ഡീപ് ലിറ്റർ സമ്പ്രദായത്തിലോ കൂടുകളിലോ തീവ്രപരിപാലന സംവിധാനത്തിലൂടെയോ അല്ലാതെയോ വാണിജ്യാവശ്യത്തിന് കോഴികളെയോ, താറാവുകളെയോ വളർത്തുന്ന ലേയർ ഫാമും ബ്രോയിലർ ഫാമും മുട്ടവിരിയിക്കുന്ന ഹാച്ചറിയും ഉൾപ്പെടുന്നതുമാകുന്നു:

എന്നാൽ, ഇതിൽ കാട കോഴികളെയോ ടർക്കി കോഴികളെയോ വലിയ വളർത്തു പക്ഷികളെയോ വളർത്തുന്ന ഫാമുകൾ ഉൾപ്പെടാത്തതാകുന്നു.";

(vi) (എൻ) ഖണ്ഡത്തിനു ശേഷം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്,–

"(എൻ എ) 'കാട ഫാം' എന്നാൽ മുട്ടക്കോ മാംസത്തിനോ വംശവർദ്ധനവിനോ വേണ്ടി കാട കോഴികളെ വളർത്തുന്ന ഇടം എന്നർത്ഥമാകുന്നതും, അതിൽ ഡീപ് ലിറ്റർ സമ്പ്രദായത്തിലോ കൂടുകളിലോ തീവ്രപരിപാലന സംവിധാനത്തിലൂടെ വാണിജ്യാവശ്യത്തിന് കാടകോഴികളെ വളർത്തുന്ന ഫാമും മുട്ടവിരിയിക്കുന്ന ഹാച്ചറിയും ഉൾപ്പെടുന്നതുമാകുന്നു.";

"(എൻ ബി) 'ടർക്കി ഫാം' എന്നാൽ മുട്ടക്കോ മാംസത്തിനോ വംശവർദ്ധനവിനോ വേണ്ടി ടർക്കി കോഴികളെ വളർത്തുന്ന ഇടം എന്നർത്ഥമാകുന്നതും, അതിൽ ഡീപ് ലിറ്റർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമ്പ്രദായത്തിലോ കൂട്ടുകളിലോ തീവ്രപരിപാലന സംവിധാനത്തിലൂടെ വാണിജ്യാവശ്യത്തിൽ ടർക്കി കോഴികളെ വളർത്തുന്ന ഫാമും മുട്ടവിരിയിക്കുന്ന ഹാച്ചറിയും ഉൾപ്പെടുന്നതുമാകുന്നു.".

(2) 3–ാം ചട്ടത്തിൽ,–

(i) ശീർഷകത്തിന് പകരം ചുവടെ പറയുന്ന ശീർഷകം ചേർക്കേണ്ടതാണ്. അതായത്.–

"ലൈവ്സ്റ്റോക്ക് ഫാം നടത്തുന്നത് ലൈസൻസ് ആവശ്യമുള്ള ഒരു പ്രവർത്തി ആയിരിക്കുമെന്ന്.–"

(ii) 1–ാം ഉപചട്ടത്തിന് പകരമായി താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്. അതായത്.–

"താഴെപ്പറയുന്ന എണ്ണത്തിൽ കൂടുതൽ മുതിർന്ന മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതോ അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ, ആയ ഒരു ലൈവ്സ്റ്റോക്ക് ഫാം നടത്തുന്നത്, 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ലൈസൻസ് ആവശ്യമായ ഒരു പ്രവർത്തി ആയിരിക്കുന്നതാണ്, അതായത്.–

| | | |
|---|---|---|
| I | കന്നുകാലി ഫാം | : പത്ത് മൃഗങ്ങൾ |
| II | ആട് ഫാം | : അൻപത് മൃഗങ്ങൾ |
| III | പന്നി ഫാം | : അഞ്ച് മൃഗങ്ങൾ |
| IV | മുയൽ ഫാം | : അൻപത് മൃഗങ്ങൾ |
| V | പൗൾട്രി ഫാം | : അഞ്ഞൂറ് പക്ഷികൾ |
| VI | കാട ഫാം | : ആയിരം പക്ഷികൾ |
| VII | ടർക്കി ഫാം | : അൻപത് പക്ഷികൾ |
| VIII | വലിയ വളർത്തു പക്ഷികളെ വളർത്തുന്ന ഫാം (എമു) | : പതിനഞ്ചു പക്ഷികൾ |
| IX | വലിയ വളർത്തു പക്ഷികളെ വളർത്തുന്ന ഫാം (ഒട്ടകപക്ഷി) | : രണ്ട് പക്ഷികൾ"; |

(iii) 2–ാം ഉപചട്ടത്തിൽ "സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടു പോകുവാനോ" എന്നീ വാക്കുകൾക്ക് പകരം 'നടത്തികൊണ്ടുപോകുവാൻ' എന്ന വാക്ക് ചേർക്കേണ്ടതാണ്.;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iv) 4-ാം ഉപചട്ടത്തിന് പകരം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്,-

"1998 -ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അഞ്ച് മുതിർന്ന പന്നികളെ വരെ വളർത്തുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്നോ സെക്രട്ടറിയിൽ നിന്നോ യാതൊരുവിധ ലൈസൻസും എടുക്കേണ്ടതില്ലാത്തതാണ്.".

(3) 4-ാം ചട്ടത്തിൽ,-

(1) നിലവിലെ 1-ാം ഉപചട്ടത്തിനും 2-ാം ഉപചട്ടത്തിനും പകരമായി താഴെ പറയുന്ന ഉപചട്ടങ്ങൾ ചേർക്കേണ്ടതാണ്, അതായത്.-

"(1) 3-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മുതിർന്ന മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്നതിനുള്ള ലൈവ്സ്റ്റോക്ക് ഫാമുകൾ, അവയിൽ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിക്കുന്നതോ ആയ, അതതു സംഗതിപോലെ, മുതിർന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ എണ്ണത്തിനനുസൃതമായി, അതത് സംഗതിപോലെ, താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന പ്രകാരം, തരം (ക്ലാസ്) തിരിക്കപ്പെടേണ്ടതാണ്. അതായത്:-

പട്ടിക

| ഫാമിൽ വളർത്താവുന്ന മുതിർന്ന മൃഗങ്ങളുടെ /പക്ഷികളുടെ എണ്ണം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | ഫാമിന്റെ തരം (ക്ലാസ്സ്) | കന്നുകാലികൾ (എണ്ണം) | ആടുകൾ (എണ്ണം) | പന്നികൾ (എണ്ണം) | മുയലുകൾ (എണ്ണം) | പൗൾട്രി (കോഴികൾ /താറാവുകൾ മുതലായവ) (എണ്ണം) | കാടകൾ (എണ്ണം) | ടർക്കികൾ (എണ്ണം) | എമു പക്ഷികൾ (എണ്ണം) | ഒട്ടകപക്ഷികൾ (എണ്ണം) |
| 1. | I. | 11–20 | 51–100 | 6–15 | 51–100 | 501–1000 | 1001–2000 | 51–100 | 16–25 | 3–10 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 2. | II | 21–50 | 101–200 | 16–50 | 101–200 | 1001–2000 | 2001–3000 | 101–200 | 26–35 | 11–15 |
| 3. | III | 51–100 | 201–500 | 51–100 | 201–300 | 2001–3000 | 3001–4000 | 201–300 | 36–50 | 16–20 |
| 4. | IV. | 101–200 | 501–750 | 101–200 | 301–400 | 3001–4000 | 4001–5000 | 301–400 | 51–100 | 21–30 |
| 5. | V. | 201–400 | 751–1000 | 201–400 | 401–500 | 4001–5000 | 5001–10000 | 401–500 | 101–200 | 31–50 |
| 6. | VI. | 400–ൽ കൂടുതൽ | 1000–ൽ കൂടുതൽ | 400–ൽ കൂടുതൽ | 500–ൽ കൂടുതൽ | 5000–ൽ കൂടുതൽ | 10000–ൽ കൂടുതൽ | 500–ൽ കൂടുതൽ | 200–ൽ കൂടുതൽ | 50–ൽ കൂടുതൽ |

(2) ഏതെങ്കിലും പ്രത്യേക വിഭാഗത്തിലുള്ള മുതിർന്ന മൃഗങ്ങൾക്കോ പക്ഷികൾക്കോ വേണ്ടിയുള്ള നിശ്ചിത തരത്തിൽ (ക്ലാസ്സിൽ -പെട്ട) ഒരു ലൈവ്സ്റ്റോക്ക് ഫാമോ ഒരു സംയോജിത ഫാമോ (കെട്ടിടങ്ങളോ, ഷെഡ്ഡുകളോ, കൂടുകളോ ഉള്ള രീതിയിൽ മാത്രം) സ്ഥാപിക്കുന്നതിനോ നടത്തിക്കൊണ്ടു പോകുന്നതിനോ ആവശ്യമായ ഭൂമിയുടെ ഏറ്റവും കുറഞ്ഞ വിസ്തൃതി, ആനുപാതികമായി, താഴെ പട്ടികയിൽ പറഞ്ഞിട്ടുള്ള പ്രകാരമായിരിക്കേണ്ടതാണ്, അതായത്:–

പട്ടിക

| ക്രമ നം. | മൃഗം/പക്ഷി | എണ്ണം | സ്ഥല വിസ്തീർണ്ണം |
|---|---|---|---|
| 1. | കന്നുകാലി | 3–ന് | 1 സെന്റ് |
| 2. | ആട് | 10–ന് | 1 സെന്റ് |
| 3. | പന്നി | 2–ന് | 1 സെന്റ് |
| 4. | മുയൽ | 20–ന് | 1 സെന്റ് |
| 5. | കോഴി/താറാവ് | 250–ന് | 1 സെന്റ് |
| 6. | കാട | 1000–ന് | 1 സെന്റ് |
| 7. | ടർക്കി | 20–ന് | 1 സെന്റ് |
| 8. | എമു | 2–ന് | 1 സെന്റ് |
| 9. | ഒട്ടകപ്പക്ഷി | 1–ന് | 2.5 സെന്റ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) 5-ാം ചട്ടത്തിൽ, (1)-ാം ഉപചട്ടത്തിൽ,-

(i) നിലവിലുള്ള പട്ടികയ്ക്ക് പകരമായി ചുവടെ ചേർക്കുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്,-

"പട്ടിക

| മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിന് ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ | | | | | | |
|---|---|---|---|---|---|---|
| ക്രമ നം. | ഫാമിന്റെ തരം (ക്ലാസ്സ്) | കന്നുകാലി ഫാം | ആട് ഫാം | പന്നി ഫാം | മുയൽ ഫാം | പൗൾട്ടി ഫാം, കാട ഫാം, ടർക്കി ഫാം, വലിയ വളർത്തു പക്ഷികളെ വളർത്തുന്നതിനുള്ള ഫാം |
| 1. | I | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി |
| | | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ജഡം സംസ്കരിക്കാനുള്ള കുഴി |
| | | സി. കമ്പോസ്റ്റ് കുഴി | | സി. കമ്പോസ്റ്റ് കുഴി | | |
| | | ഡി. ജൈവവാതക പ്ലാന്റ് അല്ലെങ്കിൽ മറ്റു അംഗീകൃത ശാസ്ത്രീയ | | ഡി. ജൈവവാതക പ്ലാന്റ് അല്ലെങ്കിൽ മറ്റു അംഗീകൃത ശാസ്ത്രീയ | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| | | മാലിന്യ സംസ്കരണ സംവിധാനങ്ങൾ | | മാലിന്യ സംസ്കരണ സംവിധാനങ്ങൾ | | |
| 2 | II | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി |
| | | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ജഡം സംസ്കരിക്കാനുള്ള കുഴി |
| | | സി. കമ്പോസ്റ്റ് കുഴി | | സി. കമ്പോസ്റ്റ് കുഴി | | |
| | | ഡി. ജൈവവാതക പ്ലാന്റ് അല്ലെങ്കിൽ മറ്റ് അംഗീകൃത ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | | ഡി. ജൈവവാതക പ്ലാന്റ് അല്ലെങ്കിൽ മറ്റ് അംഗീകൃത ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | | |
| 3 | III | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| | | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ജഢം സംസ്കരിക്കാനുള്ള കുഴി |
| | | സി. കമ്പോസ്റ്റ് കുഴി | | സി. കമ്പോസ്റ്റ് കുഴി | | |
| | | ഡി. ജൈവവാതക പ്ലാന്റ് അല്ലെങ്കിൽ മറ്റു അംഗീകൃത ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | | ഡി. ജൈവവാതക പ്ലാന്റ് അല്ലെങ്കിൽ മറ്റു അംഗീകൃത ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | | |
| 4. | IV | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി |
| | | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ജഢം സംസ്കരിക്കാനുള്ള കുഴി |
| | | സി. കമ്പോസ്റ്റ് കുഴി | | സി. കമ്പോസ്റ്റ് കുഴി | | |
| | | ഡി. | | ഡി. | | |

| | | | | | | |
|---|---|---|---|---|---|---|
| | | ജൈവവാതക പ്ലാന്റ് അല്ലെങ്കിൽ മറ്റ് അംഗീകൃത ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | | ജൈവവാതക പ്ലാന്റ് അല്ലെങ്കിൽ മറ്റ് അംഗീകൃത ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | | |
| 5. | V | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി |
| | | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ജഡം സംസ്കരിക്കാനുള്ള കുഴി |
| | | സി. കമ്പോസ്റ്റ് കുഴി | | സി. കമ്പോസ്റ്റ് കുഴി | | |
| | | ഡി. ജൈവവാതക പ്ലാന്റ് അല്ലെങ്കിൽ മറ്റ് അംഗീകൃത ശാസ്ത്രീയ മാലിന്യ സംസ്കരണ | | ഡി. ജൈവവാതക പ്ലാന്റ് അല്ലെങ്കിൽ മറ്റ് അംഗീകൃത ശാസ്ത്രീയ മാലിന്യ സംസ്കരണ | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| | | സംവിധാനങ്ങൾ | | സംവിധാനങ്ങൾ | | |
| 6. | VI | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി | എ. മേൽക്കൂരയുള്ള വളക്കുഴി |
| | | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ദ്രവ മാലിന്യ ശേഖരണ ടാങ്ക് | ബി. ജഡം സംസ്കരിക്കാനുള്ള കുഴി |
| | | സി. കമ്പോസ്റ്റ് കുഴി | | സി. കമ്പോസ്റ്റ് കുഴി | | |
| | | ഡി. ജൈവവാതക പ്ലാന്റ് അല്ലെങ്കിൽ മറ്റു അംഗീകൃത ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | | ഡി. ജൈവവാതക പ്ലാന്റ് അല്ലെങ്കിൽ മറ്റു അംഗീകൃത ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | | |

(ii) കുറിപ്പ് (1)-നു പകരമായി താഴെ പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്,-

"കുറിപ്പ്.- (1) മറ്റ് അംഗീകൃത ശാസ്ത്രീയ മാലിന്യ സംസ്കരണമെന്നാൽ തുമ്പൂർ മുഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിംഗ്, ട്രൈക്കോഡെർമ്മ കമ്പോസ്റ്റിംഗ്, ഇ. എം. സൊല്യൂഷൻ ഉപയോഗിച്ചുള്ള കമ്പോസ്റ്റിംഗ്, ചാണകം ഉണക്കി വിൽക്കുന്ന രീതികൾ എന്നിവ ഉൾപ്പെടുന്നതാണ്.";

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) 3-ാം കുറിപ്പിനു ശേഷം താഴെപറയുന്ന കുറിപ്പുകൾ ചേർക്കേണ്ടതാണ്. അതായത്,–

"കുറിപ്പ്.– (4) അഞ്ചു മുതൽ പത്ത് വരെ മുതിർന്ന മൃഗങ്ങളുള്ള കന്നുകാലി ഫാമുകളിൽ മേൽക്കൂരയുള്ള വളക്കുഴി, ദ്രവമാലിന്യ ശേഖരണ ടാങ്ക് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

കുറിപ്പ് (5) നൂറു മുതൽ അഞ്ഞൂറു വരെ പക്ഷികളെ വളർത്തുന്ന ഫാമുകളിൽ മേൽക്കൂരയുള്ള വളക്കുഴി, കമ്പോസ്റ്റ്കുഴി എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

കുറിപ്പ് (6) അഞ്ചിൽ താഴെ പന്നികളെ വളർത്തുന്ന സംഗതിയിൽ മേൽക്കൂരയുള്ള വളക്കുഴി, ദ്രവമാലിന്യ ശേഖരണ ടാങ്ക് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.".

(5) 6–ാം ചട്ടത്തിന് പകരമായി താഴെ പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്. –

"6. ലൈവ്സ്റ്റോക്ക് ഫാം നടത്തുന്നതിന് ലൈസൻസിനുള്ള അപേക്ഷ.–(1) ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ലെസൻസിനു വേണ്ടി ഫാറം 1–ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപ്രകാരമുള്ള ഒരു അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ച കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം, കെട്ടിട നമ്പർ എന്നിവ ഉൾപ്പെടെ), ഏർപ്പെടുത്തിയ മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങൾ എന്നീ കാര്യങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

(2) അപേക്ഷയോടൊപ്പം കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതാണ്.

(3) അപേക്ഷ കിട്ടി കഴിയുന്നത്ര വേഗം, എന്നാൽ പതിനാല് ദിവസം അവസാനിക്കുന്നതിനു മുമ്പ്.–

(i) സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തിയതിൽ ഈ ചട്ടങ്ങളിലെ നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, അപേക്ഷകൻ അപേക്ഷിച്ച പ്രകാരം, ഫാറം 2–ൽ സെക്രട്ടറി ലൈസൻസ് നൽകുകയോ, ചട്ടങ്ങളിലെ വ്യവസ്ഥകൾ അപേക്ഷകൻ പാലിക്കാത്ത സംഗതിയിൽ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അയാളുടെ അപേക്ഷ സെക്രട്ടറി നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(ii) ലൈസൻസ് അനുവദിക്കപ്പെടുന്ന സംഗതിയിൽ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ, ഇപ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസിലെ വ്യവസ്ഥകളുടെ ഭാഗമായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്.

(4) ഉപചട്ടം (2) പ്രകാരം നൽകപ്പെടുന്ന ഓരോ ലൈസൻസിനും ഒരു വർഷക്കാലയളവിലേക്ക് താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്, അതായത്,-

പട്ടിക

| ലൈസൻസ് ഫീസ് (ഒരു വർഷത്തെ നിരക്ക്- രൂപയിൽ) | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | ഫാമിന്റെ തരം (ക്ലാസ്സ്) | കന്നുകാലി ഫാം | ആട് ഫാം | പന്നി ഫാം | മുയൽ ഫാം | പൗൾട്രി ഫാം | കാട ഫാം | ടർക്കി ഫാം | എമു ഫാം | ഒട്ടകപക്ഷി ഫാം |
| 1 | I. | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |
| 2 | II. | 250 | 250 | 250 | 150 | 250 | 250 | 250 | 250 | 250 |
| 3 | III. | 300 | 300 | 300 | 200 | 300 | 300 | 300 | 300 | 300 |
| 4 | IV. | 500 | 500 | 500 | 250 | 500 | 500 | 500 | 500 | 500 |
| 5 | V. | 1000 | 1000 | 1000 | 350 | 1000 | 1000 | 1000 | 1000 | 1000 |
| 6 | VI. | 2000 | 2000 | 2000 | 500 | 2000 | 2000 | 2000 | 2000 | 2000 |

കുറിപ്പ് - ഒരു സംയോജിത ഫാമിന്റെ കാര്യത്തിൽ ഈടാക്കേണ്ട ലൈസൻസ് ഫീസ് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ അഥവാ രണ്ടിന്റെയുമോ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ, അതതു തരം (ക്ലാസ്) ഫാമുകൾ ബാധകമായ ലൈസൻസ് ഫീസിന്റെ മൊത്തം തുകയായിരിക്കുന്നതാണ്.

(4) (2)-ാം ഉപചട്ട പ്രകാരം നൽകപ്പെടുന്ന ലൈസൻസിന്റെ കുറഞ്ഞ കാലാവധി ഒരു വർഷവും, കൂടിയ കാലാവധി അഞ്ചു വർഷവും ആയിരിക്കുന്നതാണ്.

(5) (2)-ാം ഉപചട്ട പ്രകാരം നൽകപ്പെട്ട ഒരു ലൈസൻസിന്റെ കാലാവധി (6)-ാം ഉപചട്ടപ്രകാരം പുതുക്കിയിട്ടില്ലാത്ത പക്ഷം അത് നൽകപ്പെട്ട തീയതി മുതൽ, എത്ര

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വർഷത്തേക്കാണോ ലൈസൻസ് അനുവദിക്കപ്പെട്ടിട്ടുള്ളത് ആ കാലാവധിയിൽ അവസാനിക്കുന്നതാണ്.

(6) (2)-ാം ഉപചട്ട പ്രകാരം നൽകപ്പെട്ട ഒരു ലെസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് മുപ്പതു ദിവസത്തിനു മുമ്പെങ്കിലും സെക്രട്ടറിക്ക് നൽകേണ്ടതും ഈ ചട്ടങ്ങളിലെ നിബന്ധനകൾ പാലിച്ചുകൊണ്ടാണ് ഫാം നടത്തിക്കൊണ്ട് പോകുന്നതെന്ന് സെക്രട്ടറിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം, പരമാവധി അടുത്ത അഞ്ച് വർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്. ഇപ്രകാരം സെക്രട്ടറിക്ക് തുടർന്നുള്ള വർഷങ്ങളിലേക്കും ലൈസൻസ് പുതുക്കി നൽകാവുന്നതാണ്.

(7) ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കി നൽകുന്നതിനും (3)–ാം ഉപചട്ടത്തിൽ പറയുന്ന നിരക്കിന് ആനുപാതികമായി എത്ര വർഷത്തേക്കാണോ ലൈസൻസ് അനുവദിച്ചു നൽകുന്നത് അത്രയും വർഷത്തേക്കുള്ള തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഫീസ് ഇനത്തിൽ ഈടാക്കേണ്ടതാണ്.

(8) (2)-ാം ഉപചട്ട പ്രകാരം അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് സെക്രട്ടറി രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനു ശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം സെക്രട്ടറി അവതരിപ്പിക്കേണ്ടതുമാണ്.".

(6) 7–ാം ചട്ടത്തിനു പകരമായി താഴെ പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്. –

"7 പന്നി ഫാമുകളുടെ ലൈസൻസ് സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.–(1) ഹോട്ടലുകൾ, ഓഡിറ്റോറിയങ്ങൾ, ഫ്ലാറ്റുകൾ മുതലായ സ്ഥലങ്ങളിൽ നിന്നുള്ള ഭക്ഷണ അവശിഷ്ടങ്ങളും കോഴി അറവു മാലിന്യങ്ങളും (കോഴി തൂവൽ ഒഴികെ) പന്നികൾക്ക് തീറ്റയായി വേവിച്ച് നൽകാവുന്നതാണ്.

(2) പന്നി ഫാമുകളുടെ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ ഓരോ പന്നി ഫാമിനും ആവശ്യമായ ഭക്ഷണ അവശിഷ്ടങ്ങളും കോഴി അറവു മാലിന്യങ്ങളും എവിടെ നിന്നുമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്.

(3) പന്നികളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമേ, ദിനം തോറും, പന്നി ഫാമുകളിലേക്ക് ഇത്തരത്തിൽ ഭക്ഷണ അവശിഷ്ടങ്ങളും കോഴി അറവു മാലിന്യങ്ങളും എത്തിക്കുവാൻ പാടുള്ളൂ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) പ്രത്യേകം രൂപകല്പന ചെയ്ത ശീതീകരണ സംവിധാനം ഉള്ളതും മൂടിയുള്ളതുമായ വാഹനങ്ങളിലായിരിക്കണം ഇത്തരത്തിൽ ഭക്ഷണ അവശിഷ്ടങ്ങളും കോഴി അറവു മാലിന്യങ്ങളും പന്നി ഫാമുകളിലേക്ക് എത്തിക്കേണ്ടത്:

എന്നാൽ മൂടിയില്ലാത്ത വാഹനങ്ങൾ ഉപയോഗിച്ച് അടച്ച പാത്രങ്ങളിൽ ഭക്ഷണ അവശിഷ്ടങ്ങളും കോഴി അറവു മാലിന്യങ്ങളും പന്നി ഫാമുകളിലേക്ക് എത്തിക്കാവുന്നതാണ്.

(5) വാഹനത്തിൽ ശീതീകരണ സംവിധാനം ഇല്ലെങ്കിൽ 12 മണിക്കൂറിനുള്ളിൽ ഭക്ഷണ അവശിഷ്ടങ്ങളും കോഴി അറവു മാലിന്യങ്ങളും ഫാമുകളിൽ എത്തിക്കേണ്ടതാണ്.

(6) ഓരോ ദിവസവും എത്തിക്കുന്ന ഭക്ഷണ അവശിഷ്ടങ്ങളും കോഴി അറവു മാലിന്യങ്ങളും സംബന്ധിച്ച വിവരങ്ങളും വാഹനങ്ങളുടെ വിവരങ്ങളും അടങ്ങിയ റെക്കോർഡ് ബുക്ക് എല്ലാ ഫാമുകളിലും സൂക്ഷിക്കേണ്ടതാണ്.

(7) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി വാഹനങ്ങളുടെ ട്രാക്കിംഗ് നിരീക്ഷിക്കുന്നതിനുള്ള ഏർപ്പാടുകൾ ഗ്രാമ പഞ്ചായത്ത് ചെയ്യേണ്ടതാണ്.

(8) പന്നി ഫാമുകളിലേക്ക് ഭക്ഷണ അവശിഷ്ടങ്ങളും കോഴി അറവു മാലിന്യങ്ങളും ഇറക്കുന്ന സ്ഥലത്തിന്റെ ഉപരിതലം വെള്ളം വാർന്നു പോകാത്ത രീതിയിൽ ടൈലോ അതുപോലുള്ള മറ്റു വസ്തുക്കളോ ഉപയോഗിച്ച് നിർമ്മിക്കേണ്ടതും വായു മലിനീകരണമുണ്ടാകാത്ത രീതിയിൽ, പൂർണ്ണമായും കെട്ടിമറക്കേണ്ടതുമാണ്.

(9) പന്നി ഫാമുകളിലേക്ക് ഭക്ഷണ അവശിഷ്ടങ്ങളും കോഴി അറവു മാലിന്യങ്ങളും ഇറക്കുന്ന സ്ഥലം എപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതും വാർന്നു വരുന്ന ജലം ശേഖരിക്കുന്നതിന് ശേഖരണ ടാങ്ക് ഉണ്ടായിരിക്കേണ്ടതുമാണ്.

(10) പന്നി ഫാമിന്റെ പരിസരത്ത് പക്ഷി, നായ്, എലി മുതലായവയുടെ ശല്യം തടയുന്നതിനാവശ്യമായ ഫെൻസിംഗ്, നെറ്റിംഗ് തുടങ്ങിയ ക്രമീകരണങ്ങൾ ലൈസൻസി ഏർപ്പാടാക്കേണ്ടതാണ്.

(11) പന്നി ഫാമിന് നൽകുന്ന ലൈസൻസിൽ ഏത് സ്ഥലത്ത് നിന്നുമാണ് ഭക്ഷണ അവശിഷ്ടങ്ങളും കോഴി അറവു മാലിന്യങ്ങളും എടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കേണ്ടതാണ്. ഈ ക്രമീകരണങ്ങളിൽ മാറ്റം വരുത്തുന്ന പക്ഷം പ്രസ്തുത വിവരം ലൈസൻസി ഗ്രാമ പഞ്ചായത്തിൽ അറിയിക്കേണ്ടതും ലൈസൻസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(12) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി പന്നി ഫാമുകൾ ജിയോ ടാഗ് ചെയ്യുന്നതിനും പന്നി ഫാമുകളുടെ പ്രവർത്തങ്ങൾ ഓൺലൈനായി നിരീക്ഷിക്കുന്നതിമുള്ള ക്രമീകരണങ്ങൾ ഗ്രാമ പഞ്ചായത്ത് ഏർപ്പാടാക്കേണ്ടതാണ്.

(13) ഈ ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുക്കേണ്ടതും അല്ലാത്തതുമായ എല്ലാ പന്നി ഫാമുകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി പ്രവർത്തിക്കേണ്ടതാണ്."

(7) ചട്ടം 9-ൽ 'ഫുഡ് ആന്റ് മൗത്ത് രോഗം' എന്നീ വാക്കുകൾക്ക് പകരം 'ഫുട്ട് ആന്റ് മൗത്ത് ഡിസീസ്' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(8) ചട്ടം 11 – ൽ, 'ഫാമിന്റെ ഉടമസ്ഥൻ ഉടനടി ഫാം അടച്ചുപൂട്ടേണ്ടതുമാകുന്നു' എന്നീ വാക്കുകൾക്ക് പകരം 'ഫാമിന്റെ ഉടമസ്ഥൻ മൃഗ ക്ഷേമം ഉറപ്പുവരുത്തിക്കൊണ്ട് ഫാമിലെ പക്ഷി മൃഗാദികളെ ഒഴിവാക്കേണ്ടതും പതിനഞ്ച് ദിവസത്തിനകം ഫാം അടച്ചു പൂട്ടേണ്ടതുമാകുന്നു.' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(9) ചട്ടം 12 – ൽ, 'ആയിരം രൂപയിൽ കവിയാത്ത' എന്നീ വാക്കുകൾക്ക് പകരം 'പതിനായിരം രൂപയിൽ കവിയാത്ത' എന്നീ വാക്കുകളും 'അമ്പതു രൂപയിൽ കവിയാത്ത' എന്നീ വാക്കുൾക്ക് പകരം 'ഇരുന്നൂറു രൂപയിൽ കവിയാത്ത' എന്നീ വാക്കുകളും ചേർക്കേണ്ടതാണ്.

(10) ചട്ടം 13 – ൽ, ഉപചട്ടം (1) – ന് പകരമായി താഴെപറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്,–

(1) ഒരു ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിന് ലൈസൻസ് അനുവദിക്കുന്ന കാര്യത്തിൽ 6–ാം ചട്ടം 2–ാം ഉപചട്ടപ്രകാരം എടുത്ത തീരുമാനത്തിനെതിരെയോ പുറപ്പെടുവിച്ച ഉത്തരവിനെതിരെയോ ആക്ഷേപമുള്ള ഏതൊരാൾക്കും, അപ്രകാരമുള്ള തീരുമാനം സംബന്ധിച്ച അറിയിപ്പോ ഉത്തരവോ ലഭിച്ച് അറുപത് ദിവസത്തിനകം, ഗ്രാമപഞ്ചായത്ത് മുമ്പാകെ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(11) ചട്ടം 14 – ൽ 'കാർഷിക സർവകലാശാലയോ' എന്നീ വാക്കുകൾക്ക് ശേഷം 'വെറ്ററിനറി സർവകലാശാലയോ, പൊതു മേഖലാ സ്ഥാപനങ്ങളോ', എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(11) ചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറങ്ങളിൽ,–

(1) ഫാറം 1 – നു പകരം താഴെ പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത്,–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"ഫാറം 1

(6-ാം ചട്ടം (1)-ാം ഉപചട്ടം കാണുക)

<u>ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിന് ലൈസൻസിനുള്ള അപേക്ഷ</u>

1. അപേക്ഷകന്റെ പേരും വിലാസവും :

2. ആരംഭിക്കാനുദ്ദേശിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമിന്റെ സ്വഭാവം (കന്നുകാലി ഫാം/ആട് ഫാം/പന്നി ഫാം/ മുയൽ ഫാം/പൗൾട്രി ഫാം/കാട ഫാം/ടർക്കി ഫാം/ വലിയ പക്ഷികളെ വളർത്തുന്നതിനുള്ള ഫാം/ സംയോജിത ഫാം) (പൗൾട്രി ഫാമിന്റെ കാര്യത്തിൽ വളർത്തപ്പെടുന്ന പക്ഷികളുടെ ഇനവും സംയോജിത ഫാമിന്റെ കാര്യത്തിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെ/പക്ഷികളുടെ ഇനവും രേഖപ്പെടുത്തേണ്ടതാണ്) :

3. വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ/ പക്ഷികളുടെ എണ്ണം :

4. ലഭ്യമായ ഭൂവിസ്തൃതി, അതിന്റെ സർവ്വേ നമ്പർ, വില്ലേജ് :

5. ലൈവ് സ്റ്റോക്ക് ഫാം നടത്തുവാൻ : ഉദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ/ഷെഡ്ഡുകളുടെ വിവരണം (അംഗീകൃത കെട്ടിട നമ്പർ ഉൾപ്പെടെ)

6. ലൈസൻസ് ആവശ്യമായ കാലാവധി :

7. മാലിന്യങ്ങൾ കൈയൊഴിക്കുന്നതിന് ഫാമിൽ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങളുടെ വിവരണം (മേൽക്കൂരയുള്ള വളക്കുഴി, ദ്രവ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മാലിന്യ ശേഖരണ ടാങ്ക്, ജൈവവാതക പ്ലാന്റ്, കമ്പോസ്റ്റ് കുഴി മുതലായവ) :

8. പന്നി ഫാമുകളുടെ കാര്യത്തിൽ ചട്ടം 7 പ്രകാരം രേഖപ്പെടുത്തേണ്ട അധിക വിവരങ്ങൾ :

a) പന്നി ഫാമിനാവശ്യമായ ഭക്ഷണ അവശിഷ്ടങ്ങളും കോഴി അറവു മാലിന്യങ്ങളും ലഭിക്കുന്ന സ്ഥാപനത്തിന്റെ പേര്, വിലാസം, ലൈസൻസ് നമ്പർ മുതലായവയുടെ

b) പന്നി ഫാമിലേക്ക് ഭക്ഷണ അവശിഷ്ടങ്ങളും കോഴി അറവു മാലിന്യങ്ങളും എത്തിക്കുന്ന വാഹനത്തിന്റെ നമ്പർ

c) പന്നി ഫാമിന്റെ നടത്തിപ്പിന് പ്രതിദിനം ആവശ്യമായ ഭക്ഷണ അവശിഷ്ടങ്ങളുടെയും കോഴി അറവു മാലിന്യത്തിന്റെയും അളവ് (കിലോഗ്രാമിൽ)

അപേക്ഷകന്റെ ഒപ്പ്

സ്ഥലം:

തീയതി:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആഫീസ് ആവശ്യത്തിന്

1. അപേക്ഷ നമ്പർ/ഫയൽ നമ്പർ :

2. അപേക്ഷയിന്മേൽ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും :

3. ശിപാർശ ചുരുക്കത്തിൽ (വിശദമായ അന്വേഷണ റിപ്പോർട്ട് അടക്കം ചെയ്യണം) :

4. ഫാമിന്റെ തരവും (ക്ലാസ്) സ്വഭാവവും :

5. ഈടാക്കേണ്ട ലൈസൻസ് ഫീസ് (ഈടാക്കിയെങ്കിൽ രസീത് നമ്പരും തീയതിയും രേഖപ്പെടുത്തണം) :

6. ലൈസൻസ് കാലാവധി :

7. റിമാർക്സ് ഒപ്പ് :

സെക്രട്ടറിയുടെ ഒപ്പ്

(തീയതി സഹിതം).".

(2) ഫാറം 2 ഒഴിവാക്കേണ്ടതാണ്;

(3) നിലവിലെ ഫാറം 3, ഫാറം 2 എന്ന് പുനഃനാമകരണം ചെയ്യേണ്ടതും അങ്ങനെ പുനഃനാമകരണം ചെയ്ത ഫാറം 2–ൽ "7-ാം ചട്ടം" എന്ന അക്കത്തിനും ചിഹ്നങ്ങൾക്കും വാക്കിനും പകരം "6–ാം ചട്ടം" എന്ന അക്കവും ചിഹ്നങ്ങളും വാക്കും ചേർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. ഷർമിള മേരി ജോസഫ്,

പ്രിൻസിപ്പൽ *സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994–ലെ പഞ്ചായത്ത് രാജ് ആക്റ്റ് (1994–ലെ 13) 232–ാം വകുപ്പ്, 254–ാം വകുപ്പിനോട് കൂട്ടിച്ചേർത്ത പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ 2012–ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളതാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധാരണക്കാരായ കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും പന്നി ഫാമുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/